വയറിംഗ് തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച് 28ന്

കൊച്ചി: വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടു വയറിംഗ് തൊഴിലാളികൾ ഈ മാസം 28ന് സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തും. വയറിംഗ് രംഗത്ത് പ്രവർത്തിക്കുന്ന മൂന്ന് പ്രമുഖ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ രൂപികരിച്ച ഫെഡറേഷൻ ഓഫ് ഇലക്ട്രിക്കൽ സൂപ്പർവൈസേഴ്സ് ആൻഡ് വയർമെൻ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിലാണ് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുന്നത്.

28നു രാവിലെ 11ന് ആശാൻ സ്ക്വയറിൽനിന്ന് ആരംഭിക്കുന്ന മാർച്ച് സിഐടിയു നേതാവ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യും. മാർച്ചിൽ 5,000 പ്രവർത്തകർ അണിനിരക്കും. അഷ്റഫ് ചുങ്കത്തറ, കെ. മുഹമ്മദ് റഫീക്ക്, വി.കെ. അരവിന്ദാക്ഷൻ, അഹമ്മദ്റാഫി തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മെഴുകുവിതരണം കാര്യക്ഷമമാക്കണം: കാൻഡിൽ മാനുഫാക്ചേഴ്സ് അസോ.

കൊച്ചി: കേരള സിഡ്കോ വഴിയുള്ള മെഴുകുവിതരണം കാര്യക്ഷമമാക്കണമെന്ന് കേരള കാൻഡിൽ മാനുഫാക്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. ചെന്നൈ റിഫൈനറിയിൽ ഉത്പാദിപ്പിക്കുന്ന മെഴുകാണ് സിഡ്കോ വഴി വിതരണം ചെയ്യുന്നത്. കഴിഞ്ഞ രണ്ടു മാസമായി വിതരണം മുടങ്ങിയിരിക്കുകയാണ്. ഇതുമൂലം മെഴുകുതിരി നിർമാണമേഖല കടുത്ത പ്രതിസന്ധിയിലാണെന്നും സംസ്ഥാന പ്രസിഡന്റ് സി.ആർ. സലിംകുമാർ പറഞ്ഞു.

ക്വിസ് മത്സരം 25ന്

കൊച്ചി: പി.ടി. ഭാസ്കരപണിക്കർ സ്മാരക ബാലശാസ്ത്ര പരീക്ഷാ സംഘാടക സമിതി ജില്ലയിലെ യുപി, ഹൈസ്കൂൾ വിദ്യാർഥികൾക്കായി 25ന് രാവിലെ 10ന് സൗത്തിലെ ഗവ. ഗേൾസ് ഹൈസ്കൂളിക്വിസ് മത്സരം സംഘടിപ്പിക്കും. ഫോൺ: 9349924108.

അല്മായ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശക്തിപ്പെടുത്തും: സിബിസിഐ ലെയ്റ്റി കൗൺസിൽ

കൊച്ചി: കത്തോലിക്കാസഭയുടെ അല്മായ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ ശക്തിപ്പെടുത്താനുള്ള കർമപരിപാടികൾക്കു രൂപം നൽകുമെന്നു സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയാർ വി.സി. സെബാസ്റ്റ്യൻ പറഞ്ഞു. അല്മായ സമൂഹത്തെ സഭയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും മുഖ്യധാരയിൽ ശക്തിപ്പെടുത്താനും കർമനിരതമാക്കാനും സിബിസിഐ ലെയ്റ്റി കൗൺസിൽ പ്രതിജ്ഞാബദ്ധമാണ്.

ക്രൈസ്തവ വിശ്വാസങ്ങൾക്കും സഭാസംവിധാനങ്ങൾക്കുമെതിരേ വെല്ലുവിളികളും ആക്ഷേപ അവഹേളനങ്ങളും വിവിധകോണുകളിൽ നിന്നുയരുമ്പോൾ സഭയെ സംരക്ഷിക്കേണ്ട കടമയും ഉത്തരവാദിത്വവും വിശ്വാസികളായ അല്മായ സമൂഹത്തിനുണ്ട്. ഭാരതകത്തോലിക്കാസഭയിലെ വിവിധ റീത്തുകളിലെയും ഇതര ക്രൈസ്തവ വിഭാഗങ്ങളിലെയും വിശ്വാസിസമൂഹം കൂടുതൽ ഐക്യത്തോടെ പ്രവർത്തിക്കാൻ മുന്നോട്ടുവരണം. കത്തോലിക്കാസഭയിലെ അല്മായ പങ്കാളിത്തം ഊർജസ്വലവും സജീവവുമാക്കാൻ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും നിർദേശങ്ങളും അല്മായ സമൂഹം കൂടുതൽ പഠനവിഷയമാക്കുന്നതിനു ലെയ്റ്റി കൗൺസിൽ അവസരമൊരുക്കും.

ഭാരത കത്തോലിക്കാ സഭയിലെ 174 രൂപതകളിലും ദേശീയതലത്തിലും പ്രവർത്തിക്കുന്ന വിവിധ അല്മായ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകീകരിച്ചു നാഷണൽ കാത്തലിക് ലെയ്റ്റി ടീം രൂപീകരിക്കും. സിബിസിഐ ലെയ്റ്റി കൗൺസിൽ അംഗങ്ങളുടെയും ലാറ്റിൻ, സീറോ മലബാർ, സീറോ മലങ്കര റീത്തുകളിലെ അല്മായ കമ്മീഷൻ പ്രതിനിധികളുടെയും രാജ്യത്തെ 14 റീജണൽ കൗൺസിലുകളിലെ ലെയ്റ്റി കമ്മീഷൻ സെക്രട്ടറിമാരുടെയും സമ്മേളനം വിളിച്ചുചേർത്തു ദേശീയതല അല്മായ പ്രവർത്തനപരിപാടികളുടെ രൂപരേഖ തയാറാക്കുമെന്നും വി.സി. സെബാസ്റ്റ്യൻ പറഞ്ഞു.

നടിയെ ആക്രമിച്ച കേസ് ഡിസംബർ 18ലേക്കു മാറ്റി

കൊച്ചി: നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച കേസിന്റെ തുടർനടപടികൾ ഡിസംബർ 18 ലേക്കു മാറ്റി. കേസ് ഇന്നലെ പരിഗണിച്ചപ്പോൾ ജുഡീഷൽ കസ്റ്റഡിയിൽ കഴിയുന്ന പൾസർ സുനി അടക്കമുള്ള പ്രതികളെ വീണ്ടും റിമാൻഡ് ചെയ്ത് എറണാകുളം സബ് ജയിലിലേക്ക് അയച്ചു. ജയിൽ മാറ്റം ആവശ്യപ്പെട്ടു കേസിലെ പ്രതിയായ മണികണ്ഠൻ അപേക്ഷ സമർപ്പിച്ചു.

ഈ അപേക്ഷ കോടതി പിന്നീട് പരിഗണിക്കാനായി മാറ്റി. ദിലീപ് വിദേശയാത്രയ്ക്കു നേരത്തെത്തന്നെ കോടതിയിൽനിന്ന് അനുമതി വാങ്ങിയതിനാൽ ഹാജരായില്ല. ജനുവരി ആദ്യം വരെ സിനിമാ ചിത്രീകരണവുമായി ബന്ധപ്പെട്ടു വിദേശത്തു താമസിക്കുന്നതിനാണു ദിലീപ് അനുമതി വാങ്ങിയിരുന്നത്.

പീഡനക്കേസ് പ്രതിക്കു 10 വർഷം കഠിനതടവ്

കൊച്ചി: പതിനഞ്ചുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ പ്രതിക്കു 10 വർഷം കഠിന തടവും 20,000 രൂപ പിഴയും ശിക്ഷ വിധിച്ചു. പറവൂർ സ്വദേശിനിയായ പെൺകുട്ടിയെ മണ്ണഞ്ചേരിയിലെത്തിച്ചു പീഡിപ്പിച്ച ആലപ്പുഴ പുന്നപ്ര കളർകോട് പേരൂർ കോളനിയിൽ സുരേഷ് എന്ന അനിൽ കുമാറിനെയാണ് (33) എറണാകുളം അഡീഷണൽ സെഷൻസ് കോടതി ശിക്ഷിച്ചത്.

മൊബൈലിലൂടെ അടുപ്പത്തിലായ പ്രതി പെൺകുട്ടിയെ തട്ടിക്കൊണ്ടുപായി മണ്ണഞ്ചേരിയിലെത്തിച്ചു പീഡിപ്പിച്ചെന്നാണു കേസ്. രണ്ടു വകുപ്പുകളിലായി 20 വർഷം കഠിനതടവും 20,000 രൂപ പിഴയും ശിക്ഷ വിധിച്ചിട്ടുണ്ട്. പ്രതി ജുഡീഷൽ കസ്റ്റഡിയിൽ കഴിഞ്ഞ കാലയളവ് ശിക്ഷയിൽനിന്ന് ഇളവ് നൽകും.

പ്ലസ്ടുക്കാർക്ക് എംഎ പഠിക്കാൻ എച്ച്എസ്ഇഇ

കരിയർ കോർണർ

മാനവിക, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ ഉന്നത പഠനത്തിനു രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ മദ്രാസ് ഐഐടിയിൽ അവസരം. മദ്രാസ് ഐഐടിയുടെ ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസ് ഡിപ്പാർട്മെന്റ് നടത്തുന്ന ഇന്റഗ്രേറ്റഡ് എംഎ കോഴ്സാണ് ഈ മേഖലയിൽ മികച്ച പഠന അവസരം വാഗ്ദാനം ചെയ്യുന്നത്. ഹ്യൂമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ് എൻട്രൻസ് എക്സാമിനേഷൻ (എച്ച്എസ്ഇഇ) വഴിയാണ് അഡ്മിഷൻ. ഏപ്രിൽ 21നാണ് എച്ച്എസ്ഇഇ. ഡിസംബർ 12 മുതൽ ജനുവരി 23 വരെ അപേക്ഷിക്കാം.

എച്ച്എസ്ഇഇക്കു കേരളത്തിൽ തിരുവനന്തപുരവും കൊച്ചിയും സെന്ററുകളാണ്. ബംഗളൂരു, ഭോപ്പാൽ, ചെന്നൈ, കോയമ്പത്തൂർ, ഹൈദരാബാദ്, കോൽക്കത്ത, മുംബൈ, ന്യൂഡൽഹി എന്നിവിടങ്ങളിലാണു മറ്റു പരീക്ഷാ കേന്ദ്രങ്ങൾ. ഡവലപ്മെന്റ് സ്റ്റഡീസ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലാണ് എച്ച്എസ്ഇഇ വഴി കുട്ടികളെ തെരഞ്ഞെടുക്കുന്നത്. രണ്ടു വിഷയങ്ങൾക്കും കൂടി 46 സീറ്റുകളാണുള്ളത്. അഞ്ചു വർഷത്തെ കോഴ്സിന്റെ ആദ്യ രണ്ടു വർഷം പൊതു വിഷയങ്ങളാണു പഠിക്കേണ്ടത്. തുടർന്ന് അഭിരുചിയുടേയും പഠന നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ കോഴ്സ് തെരഞ്ഞെടുക്കാം.

ഓൺലൈനായി വേണം അപേക്ഷിക്കാൻ. അപേക്ഷാ ഫീസ് 2,400 രൂപ. പട്ടികജാതി-വർഗക്കാർക്ക് 1,200 രൂപ. പെൺകുട്ടികൾക്ക് അപേക്ഷാ ഫീസില്ല. നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് വഴി ഫീസ് അടയ്ക്കാം. ഒബ്ജക്ടീവ്, ഡിസ്ക്രിപ്റ്റീവ് മാതൃകയിൽ രണ്ടര മണിക്കൂറാണ് എച്ച്എസ്ഇഇ. 60 ശതമാനം മാർക്കോടെ പ്ലസ്ടു പാസായവർക്കും അവസാന വർഷ വിദ്യാർഥികൾക്കും എച്ച്എസ്ഇഇ എഴുതാം. മാർക്കിന്റെയും പ്രായത്തിന്റെയും കാര്യത്തിൽ സംവരണ വിഭാഗങ്ങൾക്ക് ഇളവുണ്ട്. പ്രായം: 1994 ഒക്ടോബർ ഒന്നിനോ അതിനുശേഷമോ ജനിച്ചവരായിരിക്കണം അപേക്ഷകർ.

ഒരു സെമസ്റ്ററിലെ ട്യൂഷൻ ഫീസ് 12,147 രൂപ.

സിലബസും മാതൃകാ ചോദ്യപേപ്പറും വെബ്സൈറ്റിൽ ലഭ്യമാണ്. മാർച്ച് 20 മുതൽ അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം. ഏപ്രിൽ 21നാണ് എച്ച്എസ്ഇഇ. മേയ് രണ്ടാം വാരം പരീക്ഷാഫലം പ്രസിദ്ധീകരിക്കും.

മേൽവിലാസം: ചെയർമാൻ,എച്ച്എസ്ഇഇ2019, ജെഇഇ ഓഫീസ്, ഐഐടി മദ്രാസ്, ചെന്നൈ-600036. .ഫോൺ: (044) 2257 8220. വെബ്സൈറ്റ്: http://hsee.iitm.ac.in

ഓട്ടോ ചാർജ് 30 രൂപയാക്കാനുള്ള ശിപാർശ ജനദ്രോഹപരമെന്ന്

കൊച്ചി: ഓട്ടോറിക്ഷ മിനിമം ചാർജ് 20ൽ നിന്നു 30 രൂപയാക്കാനുള്ള ജസ്റ്റീസ് രാമചന്ദ്രൻ കമ്മീഷൻ ശിപാർശ ജനദ്രോഹപരമാണെന്ന് എറണാകുളം ജില്ലാ കൺസ്യൂമേഴ്സ് പ്രൊട്ടക്ഷൻ കൗൺസിൽ.

ശിപാർശകൾ അതേപടി അംഗീകരിച്ചു നടപ്പാക്കാനുള്ള നിക്കത്തിൽനിന്നു ബന്ധപ്പെട്ടവർ പിൻമാറണമെന്നും കൗൺസിലിന്റെ നിർവാഹക സമിതിയോഗം ആവശ്യപ്പെട്ടു.

ചാർജ്വർധന 25 ശതമാനത്തിൽ അധികമാകുന്നത് അംഗീകരിക്കാനാകുന്നതല്ല. നിരക്ക് വർധിപ്പിക്കുമ്പോൾ മീറ്റർ റീഡിംഗ് അനുസരിച്ചു നിരക്ക് ഈടാക്കാൻ ഓട്ടോറിക്ഷാ തൊഴിലാളികളും തയാറാകണം.

അമിതനിരക്ക് ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ബസ്, ടാക്സി ചാർജുകൾ പുതുക്കി നിശ്ചയിക്കാൻ സ്ഥിരം കമ്മീഷനെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

സത്യവ്രതൻ സ്മാരക മെഡൽ 19നു സമ്മാനിക്കും

കൊച്ചി: പ്രമുഖ മാധ്യമപ്രവർത്തകനും മീഡിയ അക്കാഡമി കോഴ്സ് ഡയറക്ടറുമായിരുന്ന എൻ. എൻ. സത്യവ്രതന്റെ പേരിൽ കേരള മീഡിയ അക്കാഡമിയിൽനിന്ന് ഉന്നതവിജയം നേടിയവർക്കായി പ്രഫ. കെ.വി. തോമസ് വിദ്യാധനം ട്രസ്റ്റ് ഏർപ്പെടുത്തിയ സത്യവ്രതൻ സ്മാരക സ്വർണമെഡലുകൾ 19ന് ഉച്ചകഴിഞ്ഞ് മൂന്നിനു വിതരണം ചെയ്യും.

കാക്കനാട് മീഡിയ അക്കാഡമി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മെഡലുകൾ സമ്മാനിക്കും. ദീപിക ഡൽഹി ബ്യൂറോ ചീഫ് ജോർജ് കള്ളിവയലിൽ അനുസ്മരണ പ്രഭാഷണം നടത്തും. 2016-17 വർഷം അക്കാഡമിയിൽനിന്ന് ഉന്നതവിജയം നേടിയ ആർ.കെ. സൗമ്യ (പത്രപ്രവർത്തനം), കെ.ആർ. ചിപ്പിരാജ് (ടിവി ജേർണലിസം), ജിത്തു ജേക്കബ് (പബ്ലിക് റിലേഷൻസ്) എന്നിവർക്കു മെഡലുകൾ സമ്മാനിക്കും.

വീട്, സ്ഥലം ആവശ്യമുണ്ട്
വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, ബിൽഡിംഗുകൾ, എസ്റ്റേറ്റുകൾ ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9388 799 799
www. malabarproperty.in
Z1809-382726

LOST
I, Shobha Cherian of Muthuthottathil House, Palarivattom having 1000 shares of M/s. Acumen Capital Market (India) Limited with Distinctive No. from 3771091 to 3772090 with certificate No. 292 with Folio No. 7B hereby declare that the mentioned share certificate has been lost. Call - 9995026606 if the said share certificate has been found.
E1811-386556

LOST
KL-07-CJ 2047 Hyundai i20 Red Vehicle- RC Book missing since past one month. Call Chacko Vargis, Muthuthottathil House, Palarivattom. 99950 26606 if found.
E1811-386558

നഷ്ടപ്പെട്ടു
എന്റെ പെൻഷൻ ബുക്ക് കുട്ടമ്പുഴ - തട്ടേക്കാട് യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ എന്നെ അറിയിക്കുവാൻ താത്പര്യപ്പെടുന്നു. (PPO No. 111232187)
പി.കെ. ചന്ദ്രൻ
പുൽപ്രക്കുടി
ഞായപ്പിള്ളി പി.ഒ.
9495126738
E1811-386535

അനുഗ്രഹസ്മരണ
വി. യൂദാശ്ലീഹായുടെ നൊവേന
മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതു കാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.
റാണി
E1811-386538

വിവാഹക്കുറികൾ
Wedding Cards VALAVI & Co.
Providence Road, Ernakulam
0484 2393018, 2393019
Trivandrum - Ph: 0471 2571105
Kollam - Ph: 0474 2760996
Thodupuzha - Ph: 04862 224970
Angamaly - Ph: 0484-2454398
Adoor - 04734 - 228990, 329111
Kanuur - 9400556590
Trichur - Ph: 0487 2322182
Kottakal - Ph: 0483-3213355
Kanhangad ph: 9447301881
Kayamkulam Ph: 0479 3209635
E1809-382844

ആർമറി
ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
■ മാഗസിനിൻ ■ 18 ബിബി
■ 177 നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും ലൈസൻസുള്ളവർക്കുവാനും
കൊച്ചിൻ ആർമറി
പ്രണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
Ph:0484-2371598, 2353589
Stockist: Cochin Air Guns
Mob: 9061987450
E1810-385385

പോർച്ചുഗൽ വിസ ഷെൻഗൺ വിസ അമേരിക്ക & കാനഡ വിസ
GLOBAL CONSULTANTS
9895103217
7012733149
T1810-385183

JOIN MERCHANTNAVY
EARN HIGH SALARY
Become a Captain & Chief Engineer in Future
Direct Selection by D.G. Shipping approved company
URGENT SELECTION FOR THEIR SHIP
Qualification: 10th pass with 40% •12th Pass with 60% •English 50% mark
Age limit: 17.5 to 25 years
Limited Seat Available | Job Assistance
Global Maritime Traning and services
S N Jn Thripunithura Ernakulam
Ph: 7025508540, 7012550854
E1810-383359

ഹോംനഴ്സിംഗ്
കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം, (Female, Male) വീട്ടുജോലി, ശിശുപരിപാലനം, പ്രസവ ശുശ്രൂഷ എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി ലഭിക്കേണ്ടവരും ബന്ധപ്പെടുക.
കൃപ ഹോം നേഴ്സിംഗ്
(ഈരാറ്റുപേട്ട റോഡ്)
ഗവ.ആയുർവേദ ആശുപത്രിക്ക് സമീപം
മുട്ടം, തൊടുപുഴ
Ph: 7902857211
04862-255982
K1810-384898

ടെണ്ടർ
കേരള ജല അതോറിറ്റി
ദർഘാസ് പരസ്യം
ദർഘാസ് നമ്പർ: 04/2018 - 19
ആലുവ ഹെഡ് വർക്സിന്റെ മെയിൻ ഗേറ്റ് മുതൽ സെൻട്രൽ ഗേറ്റ് വരെയുള്ള റോഡ് പുനർ നിർമിക്കുന്ന ജോലി സംബന്ധിച്ച്. അടങ്കൽ തുക 60142/- രൂപ, നിരതദ്രവ്യം 1600/- രൂപ. ദർഘാസ് നമ്പർ: 05/2018 - 19 ആലുവ ഹെഡ് വർക്സിന്റെ 5 - ാം നമ്പർ ക്ലാരിഫയർ അറ്റകുറ്റപ്പണികളടക്കം പെയിന്റ് ചെയ്യുന്ന ജോലി സംബന്ധിച്ച്. അടങ്കൽ തുക: 94208/- രൂപ, നിരതദ്രവ്യം: 2400/- രൂപ.
ദർഘാസ് നമ്പർ: 06/2018 - 19ആലുവ ഹെഡ് വർക്സിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് ചേർന്നുള്ള കാനയുടെ നവീകരണവും ടോയ്‌ലറ്റ് പെയിന്റ് ചെയ്യുന്നതുമായ ജോലി സംബന്ധിച്ച്. അടങ്കൽ തുക: 88170/- രൂപ, നിരതദ്രവ്യം : 2300/രൂപ. ദർഘാസ് നമ്പർ: 07/2018 - 19 ആലുവ ഹെഡ് വർക്സിലെ നമ്പർ 1 സബ് സ്റ്റേഷന് സമീപം സ്ലാക്കിംഗ് ഏരിയ കോൺക്രീറ്റ് ചെയ്യുന്ന ജോലി സംബന്ധിച്ച്. അടങ്കൽ തുക: 65759/- രൂപ, നിരതദ്രവ്യം: 1700/- രൂപ. ദർഘാസ് നമ്പർ: 08/2018 - 19 ആലുവ ഹെഡ് വർക്സിലെ 42'' പമ്പിംഗ് മെയിൻ ആങ്കർ ബ്ലോക്ക് നിർമിക്കുന്ന ജോലി സംബന്ധിച്ച്. അടങ്കൽ തുക : 69,263/- രൂപ, നിരതദ്രവ്യം : 1800/- രൂപ. ഫോറവില ഓരോന്നിനും 500+ജി.എസ്.ടി 12%. സ്വീകരിക്കുന്ന അവസാന തീയതി: 24/11/2018 വൈകീട്ട് 3.00 മണി വരെ
(ഒപ്പ്)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
പി.എച്ച്. ഹെഡ് വർക്സ് സബ് ഡിവിഷൻ,
ആലുവ
വെബ്സൈറ്റ്: kwa.kerala.gov.in
ഫോൺ: 0484-2623476
E1811-386560

ആവശ്യമുണ്ട്
നേഴ്സുമാർക്ക് അവസരങ്ങൾ...
Germany, UK, Ireland etc.
100% Placement Assistance
A2 B1 B2 പാസായവർക്ക് ഉടനെ ജർമ്മനിയിൽ ജോലി
Call: 9744522888, 8086522888, 0481-2568182
OET, IELTS, Prometric, DHA, HAAD
ROYAL INSTITUTE
KOTTAYAM, THODUPUZHA, THALAYOLAPPARAMBU, KANJIRAPPALLY
K1811-385993

ബിസിനസ്
കോൺക്രീറ്റ് കട്ടിംഗ്
കോർ കട്ടിംഗ്
റീബാർ ഫിക്സിംഗ്
(കെമിക്കൽ ഉപയോഗിച്ച് പാറയിലും കോൺക്രീറ്റിലും കമ്പി സെറ്റ് ചെയ്യുന്നു)
Ph: 9447156355
8075780220
E1811-386157

പണയസ്വർണം
പണയസ്വർണ്ണം വിൽക്കാൻ
ബാങ്കിൽ പണയത്തിലുള്ള സ്വർണ്ണം എടുത്ത് വിൽക്കാൻ സഹായിക്കുന്നു.
ജില്ലകളിലെല്ലാം സർവ്വീസ്
അൽ-മിനാർ ഗോൾഡ്
9496219740
9747324181
Z1811-386365

പണയസ്വർണ്ണം പത്രവിലയ്ക്ക്
വിൽക്കുവാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
ദുബായ് ഗോൾഡ്, ആലപ്പുഴ
Ph: 92077 04455
98954 38557
K1810-384897

പണയസ്വർണ്ണം
ബേങ്കിൽ പണയത്തിലുള്ള സ്വർണ്ണം വീണ്ടെടുത്ത് ഉയർന്ന വിലയ്ക്ക് വിൽക്കാൻ സഹായിക്കുന്നു. കമ്മീഷനില്ലാതെ
ജില്ലകൾതോറും എക്സിക്യൂട്ടീവുകൾ
കൊമ്മേരി ജ്വല്ലറി
9847875916
9847301916
Z1811-386214

വെസ്റ്റേൺ ഹോം നേഴ്സിംഗ്
പതിനെട്ട് വർഷത്തെ സേവനപാരമ്പര്യമുള്ള ഹോംനേഴ്സിംഗ് സ്ഥാപനത്തിൽ വൃദ്ധസംരക്ഷണം, രോഗീപരിചരണം, പ്രസവ ശുശ്രൂഷ, ശിശുപരിപാലനം, വീട്ടുജോലി (സ്ത്രീ, പുരുഷൻ). ശമ്പളം: Rs.13,000 - 18,000. ജനറൽ നേഴ്സിംഗ് (Rs.18,000 - 25,000). ജോലിക്കും ജോലിക്കാർക്കും ബന്ധപ്പെടുക.
വെസ്റ്റേൺ ഹോം നേഴ്സിംഗ് ഇഞ്ചനാട്ട് ബിൽഡിംഗ്
ഈരാറ്റുപേട്ട റോഡ്, മുട്ടം, തൊടുപുഴ
Ph: 04862-255326, 9388810095, 9446813356
K1808-380995

നോട്ടീസ്
നോട്ടീസ്
കൂത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസിൽ 1995 ൽ 2290 - ാം നമ്പറായി രജിസ്റ്റർ ചെയ്ത ധനനിശ്ചയാധാര പ്രകാരം പാലക്കുഴ വില്ലേജിൽ സർവ്വേ നമ്പർ 365/8 ബി 3 ൽ 14 ആർ 16 ച.മീറ്റർ , സർവെ 397/4 ൽ 14 ആർ 16 ച.മീറ്റർ കൂടി മൊത്തം 70 സെന്റ് സ്ഥലം എന്റെ പിതാവ് ജോണും,മാതാവ് സാറാമ്മയും കൂടി എനിക്ക് ധനനിശ്ചയാധാരം ചെയ്തു തന്നിട്ടുള്ളതും ടി രജിസ്റ്ററിലെ 2004 ലെ 108 - ാം നമ്പറായി പിതാവ് ജോൺ രജിസ്റ്റർ ചെയ്ത വിൽപത്ര പ്രകാരം ടി വിൽപത്രത്തിൽ വിവരിക്കുന്ന പാലക്കുഴ വില്ലേജിൽ സർവ്വെ 365/9 , 366/2 , 366/4/3 ,369/1/7 , 370/1 ബി/2 എന്നീ നമ്പറുകളിലുള്ള 71.750 സെന്റ് വസ്തുക്കൾ പിതാവിന്റെ കാലശേഷം എനിക്ക് സിദ്ധിച്ച് ഞാൻ കൈവശം വച്ച് അനുഭവിച്ചു വരുന്നതുമാണ് . മേൽ വിവരിച്ച ധനനിശ്ചയാധാരവും വിൽപത്രത്തിന്റെയും അസ്സൽ എന്റെ കൈയ്യിൽ നിന്നും നഷ്ടപ്പെട്ടു പോയിട്ടുള്ളതുമാണ്. മേൽ വിവരിച്ച ആധാരത്തെ സംബന്ധിച്ചോ വിൽപത്രത്തെ സംബന്ധിച്ചോ എനിക്കുള്ള ഉടമസ്ഥതയെ സംബന്ധിച്ചോ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യത്തീയതി മുതൽ 10 ദിവസത്തിനകം ചുവടെ ചേർക്കുന്ന എന്റെ മേൽവിലാസത്തിൽ രേഖാമൂലം അറിയിക്കേണ്ടതും അല്ലാത്തപക്ഷം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നു ലഭിച്ചിട്ടുള്ള ശരി പകർപ്പ് അസ്സലായി പരിഗണിച്ച് ഞാൻ ക്രയവിക്രയങ്ങൾ ചെയ്യുന്നതായിരിക്കുമെന്ന് ഏവരെയും അറിയിച്ചുകൊള്ളുന്നു.
എന്ന്
ജോസഫ് സി.ജെ
ചൂരയ്ക്കത്തടത്തിൽ
പാലക്കുഴ പി.ഒ 686662
9744003979
E1811-386584

ലോട്ടറി
കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com
കാരുണ്യ പ്ലസ് KN 239 നറുക്കെടുപ്പ് ഫലം 15.11.2018
സ്ഥലം: ഗോർക്കിഭവൻ, ബേക്കറി ജംഗ്ഷനു സമീപം, തിരുവനന്തപുരം
ഒന്നാം സമ്മാനം 80 ലക്ഷം രൂപ PU 809075 (പാലക്കാട്)
സമാശ്വാസ സമ്മാനം 8000 രൂപ
PM 809075 PO 809075 PP 809075 PS 809075 PT 809075 PW 809075 PX 809075 PY 809075 PZ 809075
2-ാം സമ്മാനം 10 ലക്ഷം രൂപ PU 267004 (തൃശൂർ)
3-ാം സമ്മാനം 1 ലക്ഷം രൂപ
PM 469199 (കോട്ടയം) PO 107831 (കോട്ടയം) PP 149922 (തിരുവനന്തപുരം) PS 635698 (ആലപ്പുഴ)
PT 171051 (ആലപ്പുഴ) PU 529555 (ആലപ്പുഴ) PW 429092 (മലപ്പുറം) PX 609754 (തൃശൂർ)
PY 812618 (കൊല്ലം) PZ 480476 (തിരുവനന്തപുരം)
താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
4-ാം സമ്മാനം 5000 രൂപ
0982 1133 1217 1632 1953 2062 2565 2636 2657 4997
5183 7957 8015 8504
5-ാം സമ്മാനം 2000 രൂപ
2192 2764 3025 4298 5067 5809 6040 8306
6-ാം സമ്മാനം 1000 രൂപ
0276 0514 0627 0679 1310 1605 1868 2280 2399 3000
3215 3442 3502 3506 3534 4059 4080 4895 4904 5230
5261 5355 5424 5615 5665 5692 6476 6485 6553 6593
6901 6956 7099 7486 7694 8659 9384 9539 9624 9633
7-ാം സമ്മാനം 500 രൂപ
0036 0043 0562 0575 0582 0674 0759 0789 0856 1170
1239 1546 1663 1664 1999 2391 2515 2821 2990 3149
3694 3877 3878 3935 3959 3968 4226 4424 4508 4633
4766 4873 4914 5119 5263 5303 5392 5548 5607 5617
6030 6181 6249 6418 6699 6989 6993 7181 7311 7460
7523 7940 7994 8004 8108 8553 8693 8972 9035 9088
9250 9260 9270 9371 9424 9479 9582 9684 9757 9970
9977 9998
8-ാം സമ്മാനം 100 രൂപ
0030 0074 0261 0386 0734 0883 0887 0954 0957 0977
1003 1102 1402 1439 1496 1500 1608 1623 1648 1734
1915 1921 1969 1984 1985 2004 2090 2237 2419 2468
2478 2527 2623 2808 2917 2950 2963 2976 3031 3049
3172 3267 3318 3404 3541 3763 3840 4087 4089 4112
4196 4243 4399 4477 4750 4755 4832 4869 4950 4975
5025 5063